പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3308 — 11.05.2017 ൽ മറുപടിയ്ക്ക്

## സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനങ്ങൾ

ചോദ്യം.

ശ്രീ.എ. പ്രദീപ്കുമാർ

ശ്രീ. എസ്.ശർമ്മ

ശ്രീ. കെ.സുരേഷ് കുറുപ്പ്

ശ്രീമതി.വീണാ ജോർജ്ജ്

ഉത്തരം

ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ; ഇതിന്റെ പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | എ) | ഉണ്ട്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പ്രധാന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) | കായിക താരങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനങ്ങൾ എത്രത്തോളം പ്രാപ്തമാകുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ; | ബി) | പരിശോധിച്ചിട്ടുണ്ട്. |
| സി) | ഇതിന് അനുയോജ്യമായ രീതിയിൽ സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | സി) | നടപടി സ്വീകരിച്ചു വരുന്നു. |
| ഡി) | സ്പോർട്സ് ഹോസ്റ്റലുകളിലെ കായിക താരങ്ങളുടെ കഴിവ് മെച്ചപ്പെടുത്തുന്നതിനായി സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) | നടപടി സ്വീകരിച്ചു വരുന്നു. സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ വൈസ് പ്രസിഡന്റ് ശ്രീമതി.മേഴ്സിക്കുട്ടൻ, അഡ്മിനിസ്ട്രേറ്റീവ് ബോർഡ് അംഗങ്ങളായ ശ്രീ.എം.ആർ.രഞ്ജിത്ത്, ശ്രീ.ജോർജ്ജ് തോമസ് എന്നിവർ ഉൾപ്പെട്ട ഒരു മൂന്നംഗ സമിതിയെ പോരായ്മകൾ സംബന്ധിച്ച് പഠിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിയ്ക്കുവാൻ കേരള സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ബോർഡ് ചുമതലപ്പെടുത്തുകയും ടി സമിതി ഹോസ്റ്റലുകൾ നേരിട്ട് സന്ദർശിച്ച് കായിക താരങ്ങളുടെ പ്രകടനം സ്ഥാപനങ്ങളിൽ നിന്നുള്ള പിൻതുണ ഭക്ഷണം, താമസസൗകര്യം, കളിയ്ക്കുന്നതിന്/ |

| | | | |
|---|---|---|---|
| | | | പഠിയ്ക്കുന്നതിനുള്ള സൗകര്യങ്ങൾ, മറ്റ് സാഹചര്യങ്ങൾ എന്നിവ പ്രത്യേകം പ്രത്യേകം പരിഗണിച്ച് ഹോസ്റ്റലുകളെ കാറ്റഗറി 'എ' 'ബി', 'സി', 'ഡി' എന്നീ വിവിധ കാറ്റഗറികളായി തരംതിരിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതുമാണ്. എല്ലാ ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറിമാരും, ജില്ലാ സ്പോർട്സ് ഓഫീസർമാരോടും ഹോസ്റ്റൽ പരിശോധിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഹോസ്റ്റലുകളിലെ ബോർഡിംഗ്/ലോഡ്ജിംഗ് ബില്ലുകൾ പരിശോധിച്ച് കൗണ്ടർസൈൻ ചെയ്ത് സംസ്ഥാന സ്പോർട്സ് കൗൺസിലിൽ ലഭ്യമാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ടെക്നിക്കൽ ഓഫീസർക്കും ഹോസ്റ്റൽ പരിശോധിയ്ക്കുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

## 2000 ലെ സ്പോർട്സ് ആക്ട് പ്രകാരം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പ്രധാന പ്രവർത്തനങ്ങൾ

(1) 2000 ലെ സ്പോർട്സ് ആക്ടിൽ അടങ്ങിയിട്ടുള്ള നിയന്ത്രണങ്ങൾക്കും ഉപാധികൾക്കും പരിമിതികൾക്കും വിധേയമായി ഇതിലെ വ്യവസ്ഥകൾ നടപ്പാക്കേണ്ട ചുമതല സംസ്ഥാന സ്പോർട്സ് കൗൺസിലിൽ നിക്ഷിപ്തമായി രിക്കുന്നതാണ്.

(2) 2000 ലെ സ്പോർട്സ് ആക്ടിൽ മറ്റു വിധത്തിൽ വ്യക്തമായി വ്യവസ്ഥ ചെയ്തിട്ടുള്ളതൊഴികെ സംസ്ഥാന സ്പോർട്സ് കൗൺസിലിന് താഴെ പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്. അതായത്-

(എ) സംസ്ഥാനത്തെ എല്ലാത്തരം സ്പോർട്സുകളും സംഘടിപ്പിക്കുകയും ഏകോപിപ്പിക്കുകയും ക്രമീകരി യ്ക്കുകയും വികസിപ്പിക്കുകയും ചെയ്യുക

(ബി) സ്പോർട്സ് ഇൻഫർമേഷൻ കേന്ദ്രങ്ങൾ, സ്റ്റേഡിയങ്ങൾ. പവിലിയനുകൾ, കളിസ്ഥലങ്ങൾ, പാർക്കുകൾ സ്പോർട്സ് പരിശീലന കേന്ദ്രങ്ങൾ, കളരികൾ എന്നിവ സ്ഥാപിക്കുക, കെട്ടിടങ്ങൾ നീന്തൽക്കുളങ്ങൾ, വാട്ടർപോളോ, വള്ളംകളി എന്നിവയ്ക്കുവേണ്ടി കുളങ്ങൾ, ജിംനേഷ്യം എന്നിവ നിർമ്മിക്കുക.

(സി) സംസ്ഥാനത്തെ എല്ലാത്തരം സ്പോർട്സുകളും സംഘടിപ്പിക്കുകയും ഏകോപിപ്പിക്കുകയും ക്രമീകരി യ്ക്കുകയും വികസിപ്പിയ്ക്കുകയും ചെയ്യുക

(ഡി) സംസ്ഥാനത്ത് സ്പോർട്സും ഗെയിംസും പ്രോത്സാഹിപ്പിക്കുന്നതിന് സഹായകമാകുന്ന ടൂർണ്ണമെന്റു കളും മത്സരങ്ങളും പരിശീലന കോഴ്സുകളും സെമിനാ റുകളും കോച്ചിംഗ് കേ ന്ദ്രങ്ങളും പ്രദർശനങ്ങളും പര്യടന ങ്ങളും മറ്റ് ഇങ്ങളും കൗൺസിൽ നേരിട്ടോ അല്ലെങ്കിൽ ജില്ലാ സ്പോർട്സ് കൗൺസിലോ, കോർപ്പറേഷൻ സ്പോർട്സ് കൗൺസിലോ, മുൻസിപ്പൽ സ്പോർട്സ് കൗൺസിലോ, ടൗൺ സ്പോർട്സ് കൗൺസിലോ,ബ്ലോക്ക് സ്പോർട്സ് കൗൺസിലോ, ഗ്രാമ സ്പോർട്സ് കൗൺസിലോ വഴി നടത്തുകയോ സംഘടിപ്പിക്കുകയോ അഥവാ അവയുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയോ ചെയ്യുക.

(ഇ) വിദ്യാർത്ഥികളുടെയും തൊഴിലാളികളുടെയും സർക്കാർ ജീവക്കാരുടെയും മറ്റുള്ളവരുടെയും ഇടയിൽ സ്പോർട്സിനുള്ള അംഗീകാരം എന്നനിലയിലോ പ്രത്സാഹനം എന്ന നിലയിലോ ബഹുമതികൾ സമ്മാനിക്കുകയും സർട്ടിഫിക്കറ്റുകളോ സമ്മാനങ്ങളോ സ്കോളർഷിപ്പുകളോ മറ്റ് ആനുകൂല്യങ്ങളോ നൽകുകയും ചെയ്യുക.

(എഫ്) നിർണ്ണയിക്കപ്പെട്ടേക്കാവുന്ന വിധത്തിൽ സ്പോർട്സ് താരങ്ങൾക്കും കോച്ചുകൾക്കും റഫറിമാർക്കും, ഇൻഷ്വറൻസും അപകട ഇൻഷ്വറൻസും ഏർപ്പെടുത്തുക.

(ജി) സ്പോർട്സിന്റെ പൊതുവായ പ്രോത്സാഹനമോ ഏതെങ്കിലും പ്രത്യേക സംരംഭത്തിന്റെയോ സ്പോർട്സ് ഇനത്തിന്റെയോ പ്രോത്സാഹനമോ ലക്ഷ്യമാക്കി ഏതെങ്കിലും വ്യക്തിക്കോ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കോ സ്പോർട്സ് സംഘടനകൾക്കോ ക്ലബ്ബുകൾക്കോ അസോസിയേഷനുകൾക്കോ വായ്പയായോ മറ്റു വിവിധത്തിലോ സഹായം നൽകുക.

(എച്ച്) അതിന്റെ പ്രവർത്തനങ്ങളുടെ പൊതുവായ നടത്തിപ്പിനായി ഫണ്ട് ശേഖരിക്കുക.

(ഐ) സംസ്ഥാനത്ത്, ദേശീയ തലത്തിലോ അന്തർദ്ദേശീയ തലത്തിലോ, അന്തർ സംസ്ഥാനതലത്തിലോ പ്രാദേശിക തലത്തിലോ സ്പോർട്സ് മത്സരങ്ങൾ നടത്തുന്നതിന് സംവിധാനങ്ങൾ ഏർപ്പെടുത്തുകയോ മറ്റു വിധത്തിലുള്ള വ്യവസ്ഥകൾ ഉണ്ടാക്കുകയോ ചെയ്യുകയും സ്പോർട്സ് പര്യടനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

(ജെ) വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അംഗീകൃത സ്പോർട്സ് സംഘടനകൾക്കും ഗ്രാന്റുകളോ ഫണ്ടുകളോ നൽകുക.

(കെ) കളിസ്ഥലങ്ങൾ സ്ഥാപിക്കുന്നതിനും അവയ്ക്ക് ഉപകരണങ്ങളും സൗകര്യങ്ങളും നൽകുന്നതിനും ഏർപ്പാട് ചെയ്യുക

(എൽ) സാഹസികവും ആയോധനവും ആയ സ്പോർട്സ് ഇനങ്ങൾ ഉൾപ്പെടെയുള്ള ഏതൊരു സ്പോർട്സിന്റെയും വികസനത്തിനുവേണ്ടി ഗവേഷണ കേന്ദ്രമോ വികസനകേന്ദ്രമോ സ്ഥാപിക്കുകയും ഭരണ നിർവ്വഹണം നടത്തുകയും ക്രമീകരിക്കുകയും ചെയ്യുക.

(എം) സ്പോർട്സ് ഇൻഫർമേഷൻ കേന്ദ്രമോ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുകയും സ്പോർട്സുമായി ബ്ബപ്പെട്ട അടിസ്ഥാന വിവരങ്ങൾ സൂക്ഷിക്കുകയും ചെയ്യുന്ന തിനുള്ള കേന്ദ്രങ്ങളോ സ്ഥാപിക്കുകയും സ്പോർട്സുമായി ബന്ധപ്പെട്ട ലൈബ്രറികളും മ്യൂസിയങ്ങളും നടത്തുകയും ചെയ്യുക.

(എൻ) സ്പോർട്സ് താരങ്ങളുടെ ക്ഷേമത്തിനായി പദ്ധതികൾ ആവിഷ്ക്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.

(ഒ) അവശതയനുഭവിക്കുന്ന സ്പോർട്സ് താരങ്ങൾക്ക് ക്ഷേമത്തിനായുള്ള പദ്ധതികൾ ആവഷിക്കരിക്കുകയും നടപ്പിലക്കുകയം ചെയ്യുക.

(പി) കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരമുള്ള ദേശീയ സ്പോർട്സ് ഫെഡറേഷന്റെ സംസ്ഥാന ഘടകം ഉൾപ്പെടെയുള്ള സ്പോർട്സ് സംഘടനകളുടെ അംഗീകാരത്തിനും പ്രവർത്തനങ്ങൾക്കുമുള്ള മാനദണ്ഡങ്ങൾ നശ്ചയിക്കുക.

(ക്യു) 2000 ലെ സ്പോർട്സ് ആക്ടിൽ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന് സഹായകമായ മറ്റു കാര്യങ്ങൾ ചെയ്യും.

(ആർ) 2000 ലെ സ്പോർട്സ് ആക്ടിൽ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളോ പ്രകാരം നൽകപ്പെട്ട അധികാ രങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുക.

(3) സംസ്ഥാന സ്പോർട്സ് കൗൺസിലന് അത് പ്രത്യേകം പരയുന്ന ഏതെങ്കിലും നിയന്ത്രണങ്ങൾക്കും വ്യവസ്ഥ കൾക്കും വിധേയമായി ഈ ആക്റ്റോ അതിൻ കീഴിൽ ഉണ്ടക്കിയ ചട്ടങ്ങളോ പ്രകാരമുള്ള അതിന്റെ അധികാരങ്ങളും ചുമതലകളും കൗൺസിലിന്റെ അഡ്മിനിസ്ട്രേറ്റീവ് ബോർഡോ അതിന്റെ പ്രസിഡന്റിനോ സെക്രട്ടറിക്കോ ഏൽപ്പിച്ചു കൊടുക്കാവുന്നതാണ്.

S.O